"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ. പി. വി. ബിജുവിനെ സേവനത്തിൽ നിന്നും നീക്കം ചെയ്ത നടപടി റദ്ദ് ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ പി ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1349/2026/LSGD തീയതി,തിരുവനന്തപുരം, 24-07-2026

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 07.03.2022 ലെ PAN/1676/2022-D8(DP) നമ്പർ കുറ്റാരോപണ മെമ്മോ.
2. ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.10.2022 ലെ ഔപചാരിക അന്വേഷണ റിപ്പോർട്ട്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 ലെ LSGD/PD/32403/2023-VIGB3 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.12.2023 ലെ LSGD/PD/32403/2023-VIGB3 നമ്പർ ഉത്തരവ്
5. ശ്രീ.പി. വി. ബിജുവിന്റെ 07/09/2024 ലെ അപ്പീൽ അപേക്ഷ.
6. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 10/01/2025 ലെ LSGD/PD/32403/2023-VIGB3 നമ്പർ കത്ത്.
7. 05/04/2025 ലെ EPB2/45/2025-LSGD നമ്പർ സർക്കാർ കത്ത്.
8. ശ്രീ.പി വി ബിജുവിന്റെ 07/05/2025 ലെ അപേക്ഷ.

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച് വരവെ ശ്രീ.പി വി ബിജു 06.12.2021 തീയതി മുതൽ ഗ്രാമപഞ്ചായത്തിൽ അനധികൃതമായി ജോലിക്ക് ഹാജാരാകാതെയിരുന്നതിനാൽ

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശ്രീ.പി വി ബിജുവിനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പരാമർശം (1) കുറ്റാരോപണ മെമ്മോ/കുറ്റാരോപണ പത്രിക നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. പ്രസ്തുത കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.പി വി ബിജു എതിർവാദ പത്രിക സമർപ്പിച്ചിരുന്നില്ല. അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ട് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഔപചാരിക അന്വേഷണം നടത്തി പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുയുണ്ടായി. ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി നേരിൽ കേൾക്കുവാനുള്ള വേളയിലും കൂടാതെ 22.11.2022 തീയതിയിൽ പഞ്ചായത്ത് ഡയറക്ടറുടെ ഹിയറിംഗിലും ശ്രീ.പി വി ബിജു ഹാജരായിരുന്നില്ല. തുടർന്ന് 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡർ ഖണ്ഡിക 53 പ്രകാരവും അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്ന ശ്രീ.പി.വി. ബിജുവിനെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ടിയാനെതിരെ പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസ് 01/08/2023-ന് കൈപ്പറ്റിയിരുന്നെങ്കിലും ആയതിനും മറുപടി നൽകാതെ ഗുരുതരമായ അച്ചടക്ക ലംഘനത്തിലും കൃത്യവിലോപത്തിലും തുടർന്നിരുന്ന ശ്രീ.പി.വി. ബിജുവിനെ പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സർവ്വീസിൽ നിന്നും നീക്കം ചെയ്യുകയുണ്ടായി.

2. ശ്രീ.പി.വി. ബിജുവിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത പരാമർശം (4) ഉത്തരവിനെതിരെ ടിയാൻ ഉചിതമാർഗ്ഗേന സർക്കാരിൽ സമർപ്പിച്ച പരാമർശം (5) അപ്പീൽ അപേക്ഷ പരാമർശം (6) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുയുണ്ടായി. പ്രസ്തുത അപ്പീൽ അപേക്ഷ സർക്കാർ പരിശോധിക്കുകയും 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 25 പ്രകാരം അപ്പീലുകൾ സമർപ്പിക്കേണ്ടതിന്റെ സമയപരിധി അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവ് കൈപ്പറ്റിയ തീയതി മുതൽ 2 മാസം വരെയാണ് എന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ ശ്രീ.പി.വി. ബിജുവിന്റെ അപ്പീൽ അപേക്ഷ നിരസിച്ച് പരാമർശം (7) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറെ അറിയിച്ചിരുന്നു.

3. തുടർന്ന്, ശ്രീ.പി.വി. ബിജു പരാമർശം (8) പ്രകാരം വീണ്ടും സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും തനിക്ക് ഗുരുതരമായ ശാരീരിക-മാനസിക അവശതകൾ മൂലമാണ് നിശ്ചിത സമയപരിധിക്കുള്ളിൽ അപ്പീൽ സമർപ്പിക്കുവാൻ കഴിയാതിരുന്നതെന്നും തന്നെ ജോലിയിൽ പുനസ്ഥാപിക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

4. ശ്രീ.ബിജുവിനെ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) ഉത്തരവ്

സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ജീവനക്കാരുമായി ബന്ധപ്പെട്ട് കെ.സി.എസ് (സി,സി&എ) ചട്ടങ്ങൾ, 1960-ലെ ചട്ടം 11(i) and (iii) to (viii) പ്രകാരമുള്ള ശിക്ഷാവിധികൾ ചുമത്തുന്നതിനുള്ള അധികാരം സാധാരണയായി സർക്കാരിൽ നിക്ഷിപ്തമാണ്. ഇത്തരം കേസുകളിൽ നിയമനാധികാരി തന്നെ അച്ചടക്ക അധികാരിയായിരിക്കണം എന്ന് വ്യവസ്ഥയില്ല. ആദ്യ ഗസറ്റഡ് തസ്തികയിലുള്ളവരുടെ നിയമനാധികാരി സർക്കാർ അല്ലായെങ്കിലും, ശിക്ഷണ അധികാരി സർക്കാർ തന്നെയായിരിക്കുമെന്ന സാഹചര്യത്തിൽ, ശ്രീ.ബിജുവിനെ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (4) ഉത്തരവ് ക്രമപ്രകാരമല്ലെന്ന് കാണുന്നു.

4. മേൽ സാഹചര്യത്തിൽ, ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായിരുന്ന ശ്രീ.പി.വി.ബിജുവിനെ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം (4) ഉത്തരവും, ശ്രീ.പി വി ബിജുവിന്റെ അപ്പീൽ അപേക്ഷ നിരസിച്ച പരാമർശം (7) സർക്കാർ കത്തും റദ്ദ് ചെയ്തുകൊണ്ടും, 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10(5) പ്രകാരം, ശ്രീ. പി.വി. ബിജുവിനെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത തീയതി മുതൽ പ്രാബല്യത്തിൽ, ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ, ടിയാനെ സസ്പെൻഷനിൽ നിർത്തുന്നതിനും ടിയാനെതിരെ 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള നടപടി സർക്കാർ തലത്തിൽ തുടരുന്നതിനും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാനവാസ് എസ് ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1.ശ്രീ.പി വി ബിജു,മുൻ സെക്രട്ടറി,ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്,ഇടുക്കി
*(തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേനെ)*
2.പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള,തിരുവനന്തപുരം/തൃശ്ശൂർ
4.തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, ഇടുക്കി
5.വിവര,പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് .
6.കരുതൽ ഫയൽ/ഓഫീസ് കോപ്പി *(ഫയൽ നം. ഇപിബി 2/45/2025-തസ്വഭവ.)*

ഉത്തരവിൻ പ്രകാരം
Digitally signed by
Riju M Das
Date: 25-07-2026
05:43:02
സെക്ഷൻ ഓഫീസർ